LIBRARY ARCHIVES Kerala Legislative Assembly

അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ്

140 (3772) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതും, അപേക്ഷയിൻമേൽ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ളതുമായ പ്രവൃത്തികൾ തുക സഹിതം വിശദമാക്കാമോ ;

(ബി) പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമുള്ള കുട്ടനാട്ടിലെ റോഡു നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപടി സ്വീകരിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ മത്സ്യകൃഷി

141 (3773) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിലും കളങ്ങളിലും നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഈ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലുമായി 2014-15 കാലയളവിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫിഷറീസ് വകുപ്പ് 2012-15 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ മത്സ്യകൃഷി നടത്തിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

കുറുകച്ചാൽ - 0.96 ha ജലാശയത്തിൽ, 41കർഷകർക്കായി 10200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

മാടപ്പള്ളി - 0.48 ha ജലാശയത്തിൽ, 10 കർഷകർക്കായി 5400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

പായിപ്പാട് - 5.5 ha ജലാശയത്തിൽ 32 കർഷകർക്കായി 42400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

തൃക്കൊടിത്താനം - 0.04 ha ജലാശയത്തിൽ 2 കർഷകർക്കായി 400 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

കുറിച്ചി - 15.76 ha ജലാശയത്തിൽ 31 കർഷകർക്കായി 118200 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

വാഴപ്പള്ളി - 6.85 ha ജലാശയത്തിൽ 27 കർഷകർക്കായി 62700 കാർപ്പ് മത്സ്യവിത്തുകൾ നൽകിയിട്ടുണ്ട്

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി- 3.72 ha ജലാശയത്തിൽ 40 കർഷകർക്കായി 27900 കാർപ്പ് മത്സ്യവിത്തുകൾനൽകിയിട്ടുണ്ട്.

ടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2 ha പ്രദേശത്ത് കരിമീൻ മത്സ്യ കൃഷിക്കായുള്ള സർവ്വേ നടത്തുകയും കരിമീൻ വിത്ത് വിതരണം നടത്തിവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly